


## ദനഹാത്തിരുനാൾ

പൗരസ്ത്യസുറിയാനി ക്രൈസ്തവരുടെ ഇടയിൽ വലിയ പ്രാധാന്യമുള്ള തിരുനാളാണ് ദനഹാ. 'ദനഹ' എന്ന സുറിയാനി വാക്കിന്റെയർത്ഥം ഉദയം, പ്രത്യക്ഷവത്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാമാണ്. ഈ തിരുനാളിൽ പൂജരാജാക്കന്മാരുടെ സന്ദർശനവും, ജോർദ്ദാൻ നദിയിൽ വച്ചുള്ള ഈശോയുടെ മാമ്മോദീസായും, പരിശുദ്ധ ത്രിത്വത്തിന്റെ പ്രത്യക്ഷവത്ക്കരണവുമാണ് അനുസ്മരിക്കുന്നത്.

ഈ തിരുനാളിനെക്കുറിച്ചുള്ള ഏറ്റവും പുരാതനമായ സൂചനകൾ ലഭിക്കുന്നത് അലക്സാണ്ട്രിയായിലെ ക്ലമന്റിന്റെ കൃതികളിൽനിന്നാണ്. 'കോറെ'' എന്ന കന്യകയിൽനിന്ന് ജനുവരി 6-ാം തിയതി ജനിച്ചെന്ന് കരുതപ്പെടുന്ന അലക്സാണ്ട്രിയായിലെ ദേവനായ അയോണിന്റെ (Aeaon) പ്രത്യക്ഷീകരണത്തിരുനാളിന് പകരം വയ്ക്കുവാനായിട്ടാണ് അലക്സാണ്ട്രിയൻ ക്രിസ്ത്യാനികൾ ജനുവരി 6-ാം തീയതി ഈശോയുടെ ദനഹാത്തിരുനാൾ ആഘോഷിക്കുവാൻ തുടങ്ങിയത്.

ആദ്യകാലത്ത് മിശിഹായുടെ ജനനവും മാമ്മോദീസായും ഒരുമിച്ച് ജനുവരി 6-ാം തീയതിയാണ് തിരുസഭയിൽ ആഘോഷിച്ചിരുന്നത്. പിന്നീട് ഈശോയുടെ തിരുപ്പിറവി ഡിസംബർ 25-ാം തിയതി ആഘോഷിക്കുവാൻ തുടങ്ങിയപ്പോൾ, ജനുവരി 6-ാം തീയതി ദനഹത്തിരുനാളെന്ന പേരിൽ മിശിഹായുടെ മാമ്മോദീസ മാത്രം പൗരസ്ത്യക്രൈസ്തവർ ആഘോഷിക്കുവാൻ തുടങ്ങി.

പൗരസ്ത്യസഭകളിൽ ഈ തിരുനാളിന് വളരെയധികം പഴമ ഉണ്ടെന്ന് പുരാതനകൃതികളിൽനിന്നു വ്യക്തമാണ്. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന വി.എഫ്രേം ജനുവരി ആറാം തിയതി ഈശോ ജനിച്ചുവെന്ന് പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഈശോയുടെ ജനനത്തിരുനാളും, പ്രത്യക്ഷീകരണത്തിരുനാളും തമ്മിൽ കാര്യമായ വ്യത്യാസമില്ലാതിരുന്നതുകൊണ്ടാണ് ഈശോയുടെ ജനനവും പ്രത്യക്ഷീകരണവും സംയുക്തമായി പ്രതിപാദിക്കുന്ന തിരുപ്പിറവിയെക്കുറിച്ചുള്ള ഗീതം എഴുതിയത്. ശ്ലീഹന്മാരുടെ പ്രബോധനത്തിലെ (Doctrine of the Apostles) 6-ാം കാനൻ അനുസരിച്ച് നമ്മുടെ കർത്താവിന്റെ പ്രത്യക്ഷീകരണം ജനുവരി 6-ാം തീയതി ആഘോഷിക്കണം. 410-ലെ സെലൂഷ്യ-സ്റ്റെസിഫോൺ സിനഡിന്റെ തീരുമാനമനുസരിച്ച് കർത്താവിന്റെ ദനഹയെന്നത് സഭയിലെ പ്രത്യേക തിരുനാളായി ആഘോഷിക്കണം. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാവായ നിസിബിസിലെ നർസായി 'ദനഹായെക്കുറിച്ചുള്ള ഗീതം' എഴുതിയതുതന്നെ ഈ തിരുനാളിന്റെ പ്രാചീനതയും, പ്രാധാന്യവും സ്പഷ്ടമാക്കുന്നു. പൗരസ്ത്യകാനൻ നിയമമനുസരിച്ച് ദനഹാത്തിരുനാൾ കട മുള്ള ദിവസമാണ് (പൗരസ്ത്യകാനൻ നിയമം, 880).

ജനുവരി 6-ാം തിയതി ആഘോഷിക്കുന്ന കർത്താവിന്റെ ദനഹാത്തിരുനാൾ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ പിണ്ടികുത്തിപ്പെരുന്നാളെന്നും തെക്കൻ ഭാഗങ്ങളിൽ രാക്കുളി പെരുനാളെന്നും അറിയപ്പെടുന്നു. 'ലോകത്തിന്റെ പ്രകാശമായ' മിശിഹായെ (യോഹ 8:12) ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി അതിനുചുറ്റും പ്രദക്ഷിണം വെച്ചുകൊണ്ട് ദൈവം പ്രകാശമാകുന്നു (ഏൽ പയ്യ) എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽനിന്നാണ്, പിണ്ടികുത്തിപ്പെരുന്നാൾ രൂപപ്പെട്ടത്. ഈശോയുടെ മാമ്മോദീസായെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ, കുളത്തിലോ പോയി നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് രാക്കുളി എന്നപേര് ഈ തിരുനാളിന് ലഭിച്ചത്.

ദനഹാത്തിരുനാൾ ഞായറാഴ്ച വരികയാണെങ്കിൽ അത് ദനഹാ ഒന്നാം ഞായർ ആയി കണക്കാക്കുന്നു. ദനഹാത്തിരുനാൾ ഞായർ മുതൽ വ്യാഴം ഉൾപ്പെടെയുള്ള ദിവസങ്ങളിലാണ് വരുന്നതെങ്കിൽ, ആ ദിവസങ്ങളെ ദനഹാ ഒന്നാം ആഴ്ചയായി പരിഗണിക്കുന്നതാണ്. എന്നാൽ ദനഹാ ത്തിരുനാൾ വെള്ളിയാഴ്ചയാണെങ്കിൽ ദനഹാ കഴിഞ്ഞുവരുന്ന ശനിയാഴ്ച ദനഹാ ഒന്നാം ശനിയുടെ വായനകൾ തന്നെയാണ് സ്വീകരിക്കേണ്ടത്. തുടർന്നുള്ള ഞായർ ഒന്നാം ഞായറായി കണക്കാക്കുന്നു.

സാധാരണയായി ദനഹാക്കാലത്തിന് ഏഴ് ഞായറാഴ്ചകളാണുള്ളതെങ്കിലും, ഈസ്ററററിന്റെ തീയതിയിൽ വരുന്ന വ്യത്യാസമനുസരിച്ച് ദനഹാക്കാലത്തെ ആഴ്ചകൾ കൂടിയും കുറഞ്ഞും വരാവുന്നതാണ്. വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതത്തിൽ പകർത്തിയവരും സാക്ഷ്യപ്പെടുത്തിയവരുമായ വിശുദ്ധാത്മാക്കളെയാണ് ദനഹാക്കാലത്തെ

വെള്ളിയാഴ്ചകളിൽ സഭ മുഖ്യമായും അനുസ്മരിക്കുന്നത്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായ മിശിഹായുടെ (യോഹ 1:29) മുന്നോടിയും വഴികാട്ടിയുമായിരുന്ന യോഹന്നാൻ മാംദാനയുടെ ഓർമ്മയാണ് ദനഹാക്കാലത്തെ ഒന്നാമത്തെ വെള്ളിയാഴ്ചയിൽ ആചരിക്കുന്നത്.

അപ്പസ്തോലന്മാരുടെ തലവനും സഭയുടെ നെടുംതൂണുമായ വിശുദ്ധ പത്രോസിന്റെയും വിജാതീയരുടെ അപ്പസ്തോലനും, സഭയുടെ ശില്പിയുമായ വിശുദ്ധ പൗലോസിന്റെയും ഓർമ്മയാണ് ദനഹാക്കാലത്തെ രണ്ടാമത്തെ വെള്ളിയാഴ്ചയിൽ വരുന്നത്. ഈശോയുടെ ജനനത്തിനും, പ്രത്യക്ഷവത്ക്കരണത്തിനും, മാമ്മോദീസായ്ക്കും ലിഖിതരൂപം നല്കിയ നാല് സുവിശേഷകന്മാരെയാണ് മൂന്നാമത്തെ വെള്ളിയാഴ്ചയിൽ അനുസ്മരിക്കുന്നത്. പ്രഥമരക്തസാക്ഷിയും, രക്തസാക്ഷികളുടെ തലവനുമായ വിശുദ്ധ എസ്തപ്പാനോസിന്റെ ദുക്റാനയാണ് നാലാമത്തെ വെള്ളിയാഴ്ചയിൽ സഭ ആഘോഷിക്കുന്നത്. ഗ്രീക്കുസഭാ പിതാക്കന്മാരുടെ ഓർമ്മയാണ് അഞ്ചാമത്തെ വെള്ളിയാഴ്ചയിൽ ആഘോഷിക്കുന്നത്. ആറാമത്തെ വെള്ളിയാഴ്ചയിലാകട്ടെ പൗരസ്ത്യ സുറിയാനി പിതാക്കന്മാരെയാണ് സഭ ഓർക്കുന്നത്. കാരണം, വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യങ്ങളെ ലളിതമായ ഭാഷയിൽ വ്യാഖ്യാനിച്ച് പ്രസംഗങ്ങളിലൂടെയും കവിതകളിലൂടെയും സഭാതനയരെ പഠിപ്പിച്ചത് അവരാണ്.

ഇടവകമദ്ധ്യസ്ഥന്റെ തിരുനാളാണ് ഏറ്റവും അവസാനത്തെ വെള്ളിയാഴ്ചയ്ക്ക് മുമ്പുവരുന്ന വെള്ളിയാഴ്ചയിൽ ആഘോഷിക്കുന്നത്. ഇടവക മദ്ധ്യസ്ഥനാണ് ഇടവകസമൂഹത്തിന് എപ്പോഴും താങ്ങും തണലുമായി വർത്തിച്ച്, അവരെ വിശ്വാസത്തിൽ വളരുവാനും ജീവിക്കുവാനും സഹായിക്കുന്ന പ്രേരകശക്തി. സാധാരണയായി, ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയിലാണ് മരിച്ചവരെ അനുസ്മരിക്കുന്നത്. കാരണം അവർ ഈശോയുടെ പ്രത്യക്ഷീകരണത്തിന്, സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യം വഹിച്ച് മുമ്പേ കടന്നുപോയവരാണ്. അവരെ ഓർക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സഭ ഒന്നടങ്കം കടപ്പെട്ടിരിക്കുന്നു.

ദനഹാക്കാലത്തിന്റെ അവസാനത്തെ ആഴ്ചയിൽ നിന്ന് പുറകോട്ട് എണ്ണി മൂന്നാമത്തെ ആഴ്ചയിലെ തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ ആചരിക്കുന്നതാണ് മൂന്നു നോമ്പ്. നിനവെക്കാരുടെ പ്രാർത്ഥന എന്നും ഇത് അറിയപ്പെടുന്നു. സീറോ-മലബാർ പാരമ്പര്യപ്രകാരം 'പതിനെട്ടാമിട നോമ്പ്'എന്നും ഇതിനെ വിളിക്കാറുണ്ട്. കാരണം വലിയ നോമ്പ് ആരംഭിക്കുന്നതിന് പതിനെട്ടു ദിവസം മുമ്പാണ് ഇതവസാനിക്കുന്നത്. മൂന്നുനോമ്പ് എന്നത് അമ്പതുനോമ്പിനുള്ള മുന്നൊരുക്കവും പരിശീലനഘട്ടവുമായി മനസ്സിലാക്കാം.

പഴയനിയമത്തെ ആധാരമാക്കി ഇപ്പോഴും നമ്മൾ പിൻതുടരുന്ന ഒന്നാണ് മൂന്നുനോമ്പ്. യോനാപ്രവാചകൻ മൂന്നുരാവും മൂന്നുപകലും മത്സ്യത്തിന്റെ ഉദരത്തിലായിരുന്നുവല്ലോ. മത്സ്യം വഴി യോനാ നിനവേ ദേശത്ത് എത്തിച്ചേരുകയും നിനവേക്കാരോട് അനുതപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പ്രവാചകന്റെ വാക്കുകൾ വിശ്വസിച്ച് നിനവേയിലുള്ള എല്ലാവരും തങ്ങളുടെ പാപങ്ങളോർത്ത് പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്തു. പിൽക്കാലത്ത്

നിനവെക്കാരുടെ നോമ്പാചരണത്തിന്റെ (യോനാ 3: 4-10) അനുകരണമായി മൂന്നു നോമ്പ് പരിഗണിക്കുവാൻ തുടങ്ങി. യോനാപ്രവാചകൻ മൂന്നുരാവും മൂന്നുപകലും മത്സ്യത്തിന്റെ ഉദരത്തിലായിരുന്നതുപോലെ ഈശോയും മൂന്നുദിവസങ്ങൾ ഭൂമിക്കടിലായിരുന്നുവല്ലോ. മൂന്നാം ദിവസം അവിടുന്ന് മരണത്തെ പരാജയപ്പെടുത്തി ഉത്ഥാനം ചെയ്തതിനെയും ഈ നോമ്പ് അനുസ്മരിപ്പിക്കുന്നു.

ദനഹാത്തിരുനാളിൽ മുഖ്യമായും ഈശോയുടെ മാമ്മോദീസായെയാണ് നമ്മൾ അനുസ്മരിക്കുന്നത്. യോഹന്നാനിൽ നിന്നും ഈശോ മാമ്മോദീസ സ്വീകരിച്ച വേളയിൽ സ്വർഗ്ഗം തുറക്കപ്പെടുകയും, പിതാവും പരിശുദ്ധാത്മാവും മാനവകുലത്തിന് വെളിപ്പെടുകയും ചെയ്തു. ക്രിസ്തീയമമ്മോദീസായെന്നത് ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണെന്ന് (റോമ 6:3) ദനഹാത്തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. തന്മൂലം പാപത്തിനു മരിച്ച് മിശിഹായിൽ ഉയിർക്കുവാനും, നവസൃഷ്ടികളായിത്തീരുവാനും ദനഹാക്കാലത്തിൽ എല്ലാവരും പരിശ്രമിക്കണം.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
സീറോമലബാർ ആരാധനക്രമകമ്മീഷൻ,
മൗണ്ട് സെന്റ്തോമസ് കാക്കനാട്

02-01-2021